"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

വനം വന്യജീവി വകുപ്പ്- ശ്രീ പത്മനാഭസ്വാമി ക്ഷേത്രം- ചന്ദനം അനുവദിക്കുന്നതിന് അനുമതി നൽകി- ഉത്തരവു പുറപ്പെടുവിക്കുന്നു.

---

വനം വന്യജീവി (ബി) വകുപ്പ്

സ.ഉ.(സാധാ) നം.472/2022/F&WLD തീയതി,തിരുവനന്തപുരം, 05-11-2022

---

പരാമർശം:-

1. സ.ഉ (എം.എസ്) 39/2007/വനം തീയതി 13/06/2007.
2. ശ്രീ പത്മനാഭസ്വാമി ക്ഷേത്രം എക്സിക്യൂട്ടീവ് ഓഫീസറുടെ 14/09/2022-ലെ എ-1-എസ്.പി.എസ്.റ്റി/എം.ഒ/2022 നമ്പർ കത്ത്.
3. പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ് മാനേജ്മെന്റ്)-ന്റെ 10/2022-ലെ പ്രൊ(5)-4569/2022 നമ്പർ കത്ത്.

ഉത്തരവ്

ശ്രീ പത്മനാഭ സ്വാമി ക്ഷേത്രത്തിൽ മുഴുക്കാപ്പ്, കളഭം എന്നിവയ്ക്കും, ഭക്തജനങ്ങൾക്ക് പ്രസാദമായും ഉപയോഗിച്ചു വരുന്ന ക്ലാസ് VI ചന്ദനം തീരാറായതിനാൽ ഇതേ ഇനത്തിൽപ്പെട്ട 300 കിലോ ചന്ദന തടി കൂടി വനം വകുപ്പിൽ നിന്നും അനുവദിക്കണമെന്ന് പരാമർശം (2) പ്രകാരം ക്ഷേത്രം എക്സിക്യൂട്ടീവ് ഓഫീസർ അപേക്ഷ, മറയൂർ സാൻഡൽ ചന്ദന ഡിപ്പോയിൽ ക്ലാസ് VI -ൽപ്പെട്ട ചന്ദനം നിലവിലെ സ്റ്റോക്ക് എന്നിവ സംബന്ധിച്ച റിപ്പോർട്ടും, പരാമർശം സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി മറയൂർ ചന്ദന ഡിപ്പോയിൽ നിന്നും 300 Kg ചന്ദനം ഏറ്റവും ഒടുവിൽ നടന്ന ചന്ദന ലേലത്തിൽ ആ വിഭാഗത്തിന്റെ ശരാശരി വിലയുടെ 125% വില കണക്കാക്കി അതിന്മേൽ 21% സെന്റേജ് ചാർജ്, നിലവിലുള്ള വന വികസന നികുതി. ജി.എസ്.ടി, സർചാർജ്ജുകൾ മറ്റ് നിയമാനുസൃത നികുതികൾ എന്നിവ ഈടാക്കിക്കൊണ്ടും 2012-ലെ കേരളവന ഭേദഗതി നിയമപ്രകാരമുള്ള വ്യവസ്ഥകൾ അനുസരിച്ചും മറയൂർ ചന്ദന ഡിവിഷനിൽ നിന്നും ക്ലാസ് VI-ൽ ഉൾപ്പെട്ട 300 Kg ചന്ദനം ലേലത്തിൽ ഉൾപ്പെടുത്താതെ പത്മനാഭസ്വാമി ക്ഷേത്രത്തിന് അനുവദിച്ച് നൽകുന്നതിന് ശിപാർശയും പരാമർശം (3) കത്ത് പ്രകാരം പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ് മാനേജ്മെന്റ്) ലഭ്യമാക്കിയിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം ഉത്തരവിലെ

വ്യവസ്ഥകൾക്ക് വിധേയമായി മറയൂർ ചന്ദന ഡിപ്പോയിൽ നിന്നും ക്ലാസ് VI-ൽ ഉൾപ്പെട്ട 300 Kg ചന്ദനം, ഏറ്റവും ഒടുവിൽ നടന്ന ചന്ദന ലേലത്തിൽ ആ വിഭാഗത്തിന്റെ ശരാശരി വിലയുടെ 125% വില കണക്കാക്കി അതിന്മേൽ 21% സെന്റേജ് ചാർജ്, നിലവിലുള്ള വന വികസന നികുതി. ജി.എസ്.ടി, സർചാർജ്ജുകൾ, മറ്റ് നിയമാനുസൃത നികുതികൾ എന്നിവ ഈടാക്കിക്കൊണ്ടും, 2012-ലെ കേരളവന ഭേദഗതി നിയമപ്രകാരമുള്ള വ്യവസ്ഥകൾ അനുസരിച്ചും മറയൂർ ചന്ദന ഡിവിഷനിൽ നിന്നും ലേലത്തിൽ ഉൾപ്പെടുത്താതെ ശ്രീ പത്മനാഭസ്വാമി ക്ഷേത്രത്തിന് അനുവദിക്കുന്നതിന് പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ് മാനേജ്മെന്റ്) -ന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

UDAYAKUMAR A R

ഡെപ്യൂട്ടിസെക്രട്ടറി

പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്സ്, തിരുവനന്തപുരം.

പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ് മാനേജ്മെന്റ്), തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഓഫീസർ,ശ്രീ പത്മനാഭസ്വാമി ക്ഷേത്രം,തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ &ഇ), കേരള, തിരുവനന്തപുരം.

വെബ് & ന്യൂ മീഡിയ *(സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)*

കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by Shaji A M
Date: 09-11-2022 12:31:55
സെക്ഷൻ ഓഫീസർ

പകർപ്പ്: മുഖ്യമന്ത്രിയുടെ ഓഫീസിന്/ വനം വന്യജീവി വകുപ്പ് മന്ത്രിയുടെ ഓഫീസിന്/ വനം വന്യജീവി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ ഓഫീസിന്